**"ഭരണഭാഷ - മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - അടൂർ ഏറത്ത് നെടുംകുന്നുമല വിനോദ സഞ്ചാര പദ്ധതി - **26.09.2017**-ലെ സ. ഉ. (സാധാ.) **466/2017**/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് റദ്ദാക്കിയും പുതിയ ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**351/2024/TSM** തീയതി, തിരുവനന്തപുരം, **16-07-2024**

---

പരാമർശം:
1. **26.09.2017**-ലെ സ. ഉ. (സാധാ.) **466/2017**/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്.
2. വിനോദ സഞ്ചാര ഡയറക്ടറുടെ **25.02.2020, 23.07.2022, 20.09.2022, 27.11.2022** തീയതികളിലെ പി1 - **11766/2017** നമ്പർ കത്തുകൾ.
3. **2023-24** ബജറ്റിലെ മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ അടങ്ങിയ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിന്റെ രണ്ടാം വാല്യം, പേജ് **108**,ക്രമ നമ്പർ **1652.**
4. വിനോദ സഞ്ചാര ഡയറക്ടറുടെ **01.11.2023**-ലെ ഡിഒടി/**7233/2023** - പി1 നമ്പർ കത്ത്.
5. **12.01.2024**-ലെ സ. ഉ. (കൈ) **18/2024**/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

അടൂർ ഏറത്ത് നെടുംകുന്നുമല ടൂറിസം പദ്ധതിക്ക് പരാമർശം **(1)** പ്രകാരം മൂന്നു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പത്തനംതിട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) മുഖേന നടപ്പാക്കുന്ന പദ്ധതി പൂർത്തിയാക്കാൻ **18** മാസത്തെ കാലാവധിയും അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിക്കായി കണ്ടെത്തിയ, അടൂർ താലൂക്ക് ഏറത്ത് വില്ലേജ് ബ്ലോക്ക് നമ്പർ **16**ൽ റീസർവേ നമ്പർ **656/1**ൽ **66.70** ആർ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ വിനിയോഗാനുമതി ആ ഘട്ടത്തിൽ ലഭിച്ചിരുന്നില്ല.

**(2).** കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ മരാമത്ത് പണികളുടെ

വിശദവിവരങ്ങൾ അടങ്ങിയ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിന്റെ രണ്ടാം വാല്യത്തിൽ 3.50 കോടി രൂപ അടങ്കൽ തുകയുള്ള അടൂർ ഏറത്ത് നെടുംകുന്നുമല ടൂറിസം പദ്ധതിക്കായി (പേജ് 108; ക്രമ നമ്പർ 1652) 70 ലക്ഷം രൂപ വകയിരുത്തി.

**(3).** അടൂർ നെടുംകുന്നുമല ടൂറിസം പദ്ധതിക്കായി തയ്യാറാക്കിയ വിശദ പദ്ധതി രേഖയും 3.50 കോടി രൂപയുടെ എസ്റ്റിമേറ്റും പരാമർശം (4) കത്തിനൊപ്പം വിനോദ സഞ്ചാര ഡയറക്ടർ സമർപ്പിച്ചിരുന്നു. 2023 - 24 ബജറ്റിൽ 20% വിഹിതം അനുവദിച്ചിട്ടുള്ള, അടൂർ ഏറത്ത് നെടുംകുന്നുമല ടൂറിസം പദ്ധതിക്ക്, , ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കണമെന്ന് വിനോദ സഞ്ചാര ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**(4).** അടൂർ നെടുംകുന്നുമല ടൂറിസം പദ്ധതി നടപ്പാക്കാനായി അടൂർ താലൂക്ക് ഏറത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 16ൽ റീസർവേ നമ്പർ 656/1ൽ 66.70 ആർ സർക്കാർ പുറമ്പോക്ക് ഭൂമി, ഇപ്പോഴത്തെ കമ്പോള വിലയുടെ രണ്ട് ശതമാനമായ 1,76,088/- രൂപ (ഒരു ലക്ഷത്തി എഴുപത്തി ആറായിരത്തി എൺപത്തെട്ട് രൂപ മാത്രം) വാർഷിക പാട്ടം ഈടാക്കി, നിലവിലെ പാട്ടവ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പത്തനംതിട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു 30 വർഷത്തേക്ക് പാട്ടത്തിന് കൈമാറി പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

**(5).** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അനുവദിച്ച ഭരണാനുമതി റദ്ദാക്കിയും ചുവടെ ചേർത്ത വ്യവസ്ഥകൾക്കു വിധേയമായി, അടൂർ നെടുംകുന്നുമല വിനോദ സഞ്ചാര പദ്ധതിക്ക് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ നിന്ന്, വിവിധ നികുതി ബാധ്യതകളടക്കം 3.50 കോടി (മൂന്നു കോടി അൻപതു ലക്ഷം രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പദ്ധതിയിൽ നിന്നും ലഭിക്കുന്ന റവന്യൂ വരുമാനത്തിൽ നിന്നു പാട്ടത്തുക അടയ്ക്കാനുള്ള ചെലവുകളും പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ആവർത്തന ചെലവുകളും വഹിക്കാനാവുമെന്നു വിനോദ സഞ്ചാര ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ii)പദ്ധതി പ്രവർത്തനക്ഷമമാവുന്ന ഘട്ടം മുതൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നു നിശ്ചിത ശതമാനം സർക്കാർ ഖജനാവിലേക്ക് അടയ്ക്കേണ്ടതാണ്.

**(6).** പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| Sl. No. | Heading Description | Amount (in Rs.) |
|---|---|---|
| | | |

| | | |
|---|---|---|
| 1. | Walkway 300m length 2.5m width | 18,93,995.41 |
| 2. | Handrail 300m length one side | 9,84,508.96 |
| 3. | Bio Toilet (4 Nos.) | 7,38,647.85 |
| 4. | Landscaping Electrification | 28,36,590.00 |
| 5. | Landscaping work | 6,15,815.98 |
| 6. | Watch Tower - 2 Nos. 12m height | 88,40,441.94 |
| 7. | Seating | 7,89,820.00 |
| 8. | Childrens Play Area including Play equipments | 18,35,051.00 |
| 9. | Parking Area | 8,95,029.24 |
| 10. | Administration Information centre and snack bar - 120m2 | 32,06,634.22 |
| 11. | Electrical works - Administration information centre and snack bar | 34,430.83 |
| 12. | Sculptures | 13,93,800.00 |
| 13. | Light and sound | 29,70,594.33 |
| 14. | Dust bin - 20 Nos | 1,04,535.00 |
| | **Total Work value** | **2,71,39,894.76** |
| 15. | GST @ 18% | 48,85,181.06 |
| 16. | Centage @ 6% of work value (including 1.5% architectural fee) | 16,28,393.69 |
| 17. | GST @ 18% on centage | 2,93,110.86 |
| | **Total** | **3,39,46,580.37** |
| | **Lumpsum for round off** | **10,53,419.63** |
| | **Grand Total** | **3,50,00,000.00** |

**(7).** പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതി 18 മാസത്തിനകം പൂർത്തിയാവുന്നെന്നും പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദ സഞ്ചാര ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.ജഗദീഷ്**

അഡിഷണൽ സെക്രട്ടറി

പകർപ്പ്:
ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ,
തിരുവനന്തപുരം- **695 033**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം,
തിരുവനന്തപുരം - **695 001**
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - **695 001**
സബ് ട്രഷറി ഓഫിസർ, സബ് ട്രഷറി, വെള്ളയമ്പലം,
തിരുവനന്തപുരം - **695 010**
ധനകാര്യ (വ്യയം ബി) വകുപ്പ് (**29.06.2024**ലെ ഇ **2726418**/വ്യയം ബി**2/89/2024** നമ്പർ റിമാർക്സ് പ്രകാരം)
റവന്യൂ (എം) വകുപ്പ് (**12.01.2024**ലെ സ. ഉ. (കൈ) **18/2024**/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം)
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫിസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ഇ **2052219**/ടൂർ - എ**4/53/2022** - ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 17-07-2024 10:50:22
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എസ്സ്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എസ്സ്
**26.09.2017**ലെ സ. ഉ. (സാധാ.) **466/2017**/ടൂറിസം നമ്പർ സർക്കാർ ഉത്തരവിന്റെ തീർപ്പ് ഫയൽ